# ചെങ്ങഴിനീർക്കിഴങ്ങ്

സിൻജിബറേസിയേ കുടുംബത്തിൽപെടുന്ന ചെങ്ങഴി നീർക്കിഴങ്ങിന്റെ ശാസ്ത്രനാമം കെംഫീറിയ റൊട്ടൻഡ എന്നാണ്. ഇൻഡ്യൻ ക്രോക്കസ് എന്ന ഈ സസ്യം ഹിന്ദിയിൽ അഭുയിച്ചമ്പ എന്നും സംസ്കൃതത്തിൽ ഭൂകമ്പക എന്നും അറിയപ്പെടുന്നു.

ചെങ്ങഴി നീർകിഴങ്ങ് പ്രധാനമായും ച്യവനപ്രാശത്തിലാണ് ഉപയോഗിച്ചുവരുന്നത്. ഇതിന്റെ പ്രകന്ദങ്ങൾ പച്ചയായിട്ടാണ് വിപണനം ചെയ്യുന്നതും ഔഷധനിർമാണത്തിന് ഉപയോഗിക്കുന്നതും.

ഏകദേശം രണ്ടടി ഉയരത്തിൽ വളരുന്ന ഇതിന്റെ ഇലകൾ വയലറ്റ് രാശിയുള്ള പുള്ളികളോടുകൂടിയതാണ്.

കിഴങ്ങിനോടൊപ്പം ജലം സംഭരിച്ചുവയ്ക്കുന്ന ധാരാളം ഉരുണ്ട മണികൾ കാണാം. വിത്താവശ്യത്തിന് ശേഖരിച്ചുവയ്ക്കുമ്പോഴും ഔഷധ ആവശ്യത്തിനു് ഉപയോഗിക്കുമ്പോഴും ഈ മണികൾ നീക്കം ചെയ്യേണ്ടതില്ല.

ഏപ്രിൽ മെയ് മാസങ്ങളിൽ കിഴങ്ങുകൾ മുളയ്ക്കുന്നതോടൊപ്പം വയലറ്റും വെള്ളയും നിറത്തിൽ ഭംഗിയുള്ള പൂക്കളുണ്ടാകുന്നു

## രാസഘടകങ്ങൾ

ചെങ്ങഴി നീർകിഴങ്ങിൽ ക്രോടെപ്പോക്സൈഡ്, കെംഫീറൈഡ്, ബീറ്റ-സിറ്റോസ്റ്റിറോൾ, ബെൻസോയിക് ആസിഡ് മുതലായ രാസഘടകങ്ങൾ ഉണ്ട്.

ഔഷധമൂല്യവും ഉപയോഗങ്ങളും

ച്യവനപ്രാശം, അശോകാരിഷ്ടം, ബാലാദത്യാദിതൈലം, കല്യാണകഘൃതം എന്നിവയിലും, ഹൽകാകം എന്ന യുനാനി ഔഷധത്തിലും ചെങ്ങഴി നീർക്കിഴങ്ങ് ചേരുവയാണ്.

ഉദരരോഗങ്ങൾ, മുറിവ്, ചൊറി, ചിരങ്ങ് മുതലായ ചർമ്മരോഗങ്ങൾ എന്നിവയ്ക്ക് ഫലപ്രദമാണ്.

രക്തശുദ്ധി വരുത്തുന്നതിനും രക്തം കല്ലച്ചുകിടക്കുന്നതു് സുഖപ്പെടുത്തുവാനും ചെങ്ങഴി നീർക്കിഴങ്ങ് ഉപകരിക്കുന്നു.

## നടീലും വിളപരിചണവും

### കാലാവസ്ഥയും മണ്ണും

നല്ല മഴ ലഭിക്കുന്ന ഉഷ്ണമേഖലാപ്രദേശമാണ് കൃഷിയ്ക്കനുയോജ്യം. നീർവാർച്ചയും ജൈവാംശവുമുള്ള പശിമരാശി മണ്ണാണുത്തമം.

### പ്രവർദ്ധന രീതികൾ

ചെങ്ങഴി നീർക്കിഴങ്ങിന്റെ പ്രകന്ദങ്ങളാണ് നടാൻ ഉപയോഗിക്കുന്നത്. ഡിസംബർ ജനുവരി മാസങ്ങളിൽ വിളവെടുക്കുന്ന കിഴങ്ങുകൾ വേരുപറിച്ച് വൃത്തിയാക്കി അടുത്ത വർഷത്തെ നടീൽവസ്തുവിനായി സൂക്ഷിച്ചുവയ്ക്കാം. മഴയും വെയിലും ഏൽക്കാത്ത തറയിൽ കുഴിയെടുത്ത് മണൽ വിരിക്കുകയോ

ചെളിയോ ചാണകമോ കൊൺണ്ടുമെഴുകുകയോ ചെയ്തശേഷം  വിത്തുകിഴങ്ങുകൾ നിരത്തിയിട്ട് മൂടണം .പാണൽ ഇലകൊൺണ്ടു മൂടുന്നതും കിഴങ്ങുകൾ പാണൽ ഇലയിൽ നിരത്തി, പുക കൊള്ളിക്കുന്നതും നല്ലതാണ്. മുളച്ച പ്രകന്ദങ്ങൾ,  മണികളോടുകൂടി കഷണങ്ങളാക്കിയാണ് നടുവാൻ  ഉപയോഗിക്കുന്നത്.  ഒരു  ഏക്കർ  നടുന്നതിന് 600 മുതൽ 800 കിലോഗ്രാം വിത്തുവേണം.

## നടീൽ

ഇഞ്ചികൃഷിപോലെയാണ് ചെങ്ങഴി നീർകിഴങ്ങും കൃഷി ചെയ്യുന്നത്. കാലവർഷാരംഭത്തോടെ മെയ്-ജൂൺ മാസങ്ങളിൽ സ്ഥലം ഉഴുതൊരുക്കി വാരമെടുത്തു നടാം. 20 സെന്റീമീറ്റർ അകലത്തിൽ കൈക്കുഴികളെടുത്ത് പ്രകന്ദങ്ങൾ ചാണകപ്പൊടിയിട്ടു മൂടുന്നു.

ഏക്കറൊന്നിന്  6 മുതൽ 8 ടൺ ചാണകം വേണ്ടിവരും.   നട്ടശേഷം ചപ്പുചവറുകളോ കച്ചിയോ ഇട്ടു പുതയിടുന്നു.

രണ്ടാം മാസത്തിലും നാലാം മാസത്തിലും കളകൾ നീക്കി വളമിട്ട് മണ്ണണയ്ക്കുകയും വേണം.

ഒരേക്കറിലേയ്ക്ക് 50 കിലോ യൂറിയ, 100 കിലോ രാജ്ഫോസ്, 35 കിലോ പൊട്ടാഷ്  എന്നിവ രണ്ടു തവണകളായി നൽകാം.

## കീടങ്ങളും രോഗപരിചരണവും

കിഴങ്ങിനെ ബാധിക്കുന്ന ചീയൽരോഗം, ഇലകളെ ബാധിക്കുന്ന കരിച്ചിൽ എന്നിവ ഒരു ശതമാനം വീര്യമുള്ളബോർഡോ മിശ്രിതം ഉപയോഗിച്ച് നിയന്ത്രിക്കാവുന്നതാണ്

മറ്റു കാര്യമായ കീടരോഗബാധകൾ ഉണ്ടാകാറില്ല.

## വിളവെടുക്കൽ

ചെങ്ങഴി നീർക്കിഴങ്ങ് ഏഴാം മാസം വിളവെടുക്കാം. ഇലകൾ ഉണങ്ങി കഴിയുമ്പോൾ മണ്ണിളക്കി പറിച്ചെടുക്കണം. ഉണങ്ങിയ ഇലകളും വേരും നീക്കി തടകൾ വൃത്തിയാക്കി സൂക്ഷിക്കുകയോ വിൽക്കുകയോ ചെയ്യുന്നു.

തടയോടു ചേർന്നുള്ള മണികൾ പറിച്ചുകളയാറില്ല. ചെങ്ങഴി നീർക്കിഴങ്ങ് കൂടുതലും പച്ചയായിട്ടാണ് ഉപയോഗിക്കുന്നത്. ഒരു  ഏക്കറിൽ നിന്ന് ഏകദേശം  5 മുതൽ 6 ടൺ വിളവ് ലഭിക്കും.